"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമപദ്ധതി-II എറണാകുളം ജില്ലാ കോർഡിനേറ്ററായ ശ്രീമതി.രഞ്ജിനി എസ് (ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന ആസൂത്രണബോർഡ്) -ന്റെ അന്യത്ര സേവന കാലാവധി 12.08.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.274/2025/PIE&MD    തീയതി,തിരുവനന്തപുരം, 29-10-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.125/2022/പി.ഐ.ഇ&എം.ഡി തീയതി 04. 08.2022
2. സ.ഉ(സാധാ) നം.218/2023/പി.ഐ.ഇ&എം.ഡി തീയതി 21. 08.2023
3. സ.ഉ(സാധാ) നം.238/2024/പി.ഐ.ഇ&എം.ഡി തീയതി 24.09.2024
4. സംസ്ഥാന ആസൂത്രണ ബോർഡ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 11.08.2025-ലെ എസ്.പി.ബി /268/2020-ഇ1 നമ്പർ കത്ത്.
5. നവകേരളം കർമപദ്ധതി-II കോർഡിനേറ്ററുടെ 13.08.2025, 15.10.2025 തിയതികളിലെ എൻ.കെ.പി/എ2/461/2022 നമ്പർ കത്തുകൾ.

**ഉത്തരവ്**

നവകേരളം കർമപദ്ധതി-II എറണാകുളം ജില്ലാ കോർഡിനേറ്റർ തസ്തികയിൽ ശ്രീമതി.രഞ്ജിനി എസ് (ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന ആസൂത്രണബോർഡ്) -നെ പരാമർശം (1) ഉത്തരവ് പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുകയും, തുടർന്ന് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ഓരോ വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീമതി.രഞ്ജിനി എസ്-ന്റെ അന്യത്ര സേവന കാലാവധി 11.08.2025-അവസാനിച്ച സാഹചര്യത്തിൽ 12.08.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) കത്തുകൾ പ്രകാരം നവകേരളം കർമപദ്ധതി കോർഡിനേറ്റർ അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീമതി.രഞ്ജിനി എസ് -ന്റെ സേവനം നവകേരളം കർമപദ്ധതി-II -നായി വിട്ടു നൽകുന്നതിന് എതിർപ്പില്ലെന്ന് പരാമർശം (4) കത്ത് പ്രകാരം കേരള സംസ്ഥാന ആസൂത്രണ ബോർഡ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നവകേരളം കർമപദ്ധതി-II കോർഡിനേറ്ററെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമപദ്ധതി-II എറണാകുളം ജില്ലാ കോർഡിനേറ്ററായ ശ്രീമതി.രഞ്ജിനി എസ് -ന്റെ അന്യത്ര സേവന കാലാവധി നിലവിലെ അന്യത്ര സേവന വേതന വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി 12.08.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീന ജെ പി

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

1. ശ്രീമതി.രഞ്ജിനി എസ്, ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന ആസൂത്രണബോർഡ് (നവകേരളം കർമപദ്ധതി-II കോർഡിനേറ്റർ മുഖേന).
2. കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-II, തിരുവനന്തപുരം.
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

5.വിവര പൊതുജന സമ്പർക്ക വകുപ്പ്.

7. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Devi K G
സെക്ഷൻ ഓഫീസർ
Date: 30-10-2025 12:12:06